# 9

# തൃപ്തി ഉറപ്പില്ല

## (സഭാപ്രസംഗി 5; 6)

*"തൃപ്തി ഉറപ്പില്ല"* എന്ന എഴുത്തുള്ള ഒരു സാധനം വാങ്ങുവാൻ ഒരുപക്ഷെ നിങ്ങൾ മടിച്ചേക്കാം. ഭക്തിരഹിതമായ ഒരു ജീവിതം ഒരു തൃപ്തിയും തരുന്നില്ല, എങ്കിലും നിരവധിപേർ അതിന്റെ പിന്നാലെയാണ് എന്നു തോന്നുന്നു.

ദൈവത്തെ കൂടാതെയുള്ള ഒരാളുടെ ജീവിതം വ്യർത്ഥമാണ് എന്ന് ശലോമോൻ 5 ഉം 6 ഉം അദ്ധ്യായങ്ങളിൽ തുടരുകയാണ്. ദൈവത്തെ കൂടാതെയുള്ള, പ്രാകൃത മനുഷ്യൻ, എല്ലാറ്റിലും പരിഭ്രമിക്കപ്പെടുന്നു. അതിന്റെ അവസാനം നോക്കുമ്പോൾ, ഭൂമിയിൽ യാതൊന്നിനും ഒരർത്ഥവും ഉണ്ടെന്ന് തോന്നുന്നില്ല. ഭൗമികജീവിതത്തിന്റെ അവസാനം മരണമാണ്. മനുഷ്യജീവിതത്തിന്റെ അവസാനം മരണമാണെങ്കിൽ പിന്നെ ജീവിതത്തിന്റെ ഉദ്ദേശം എന്ത്? ദൈവത്തിൽനിന്ന് വെളിച്ചം കിട്ടിയില്ലെങ്കിൽ ജീവിതത്തിനോ മരണത്തിനോ അർത്ഥമുന്ന് തോന്നുന്നില്ല.

അപ്പോൾ ദൈവവുമായുള്ള നമ്മുടെ ബന്ധത്തിന്നു പ്രാധാന്യമേറുന്നു പൂർണ്ണമായ സമർപ്പണമില്ലാത്ത മതം ജീവിതത്തിന്റെ ശൂന്യതയോടുകൂട്ടുക മാത്രമെ ചെയ്യുന്നുള്ളു. അനവധി "മതപരമായ" ആളുകൾ അതൃപ്തരായിരിക്കുന്നതിൽ അതിശയിക്കുവാനില്ല. അവരെ മതം അസ്വസ്ഥമാക്കുന്നതേയുള്ളു. അവ വാസ്തവത്തിൽ ദൈവത്തെ പ്രസാദിപ്പിക്കുന്നില്ല - എന്നറിയുന്നതും പൂർണ്ണമായ സമർപ്പണത്തിന്റെ ഭദ്രതയും - ലഭിക്കുന്നില്ല എന്നറിയുന്നതും അവരെ പരിഭ്രാന്തരാക്കും. ആ ചിന്തയുമായാണ് ശലോമോൻ ഈ ഭാഗം എഴുതിയത്.

### അരമനസുള്ള ദൈവവേല തൃപ്തിപ്പെടുത്തുകയില്ല (5:1-7)

ആരാധനക്കായി നാം ദൈവത്തെ സമീപിക്കുമ്പോൾ നമ്മുടെ കാലുകളെ നാം സൂക്ഷിക്കണം (5:1–3). സംസാരിക്കുന്നതിനേക്കാൾ ശ്രദ്ധിക്കുന്നതിനായിരിക്കണം നാം അവനെ സമീപിക്കുന്നത്. വ്യർത്ഥമായ യാഗത്തിലെ തെറ്റ് അധികം പേരും തിരിച്ചറിയുന്നില്ല. വാക്യം 1 ലെ "മൂഢന്റെ യാഗം," ഒരുപക്ഷെ ബാഹ്യമായ യാഗം മാത്രമാണ് അവൻ ആവശ്യപ്പെടുന്നത് എന്നാകാം അവൻ വിചാരിക്കുന്നത്. യാഗം മാത്രമല്ല, ദൈവം ആഗ്രഹിക്കുന്നത്; അത് അനുസരണമാണ്. താഴ്മയും പശ്ചാത്താപവുമുള്ള ഹൃദയമാണ് ദൈവം ആഗ്രഹിക്കുന്നത്. മൂഢൻ തന്റെ യാഗവുമായി ദൈവസന്നിധിയിലെത്തുമ്പോൾ, പാപക്ഷമക്കായുള്ള അവന്റെ അരമനസുള്ള അപേക്ഷ ദൈവം കേൾക്കുമെന്നാണ് അവൻ വിചാരിക്കുന്നത്; എന്നിട്ടും ദൈവം പറയുന്നതു ശ്രദ്ധിക്കാതെ അവൻ തന്റെ വഴിക്ക് പോകുന്നു.

അത്തരത്തിൽ മതത്തെ ഉപയോഗിക്കുന്നവർ, നിരുൽസാഹപ്പെടുകയും മതമില്ലാത്തവരേക്കാൾ വിഷമസന്ധിയിൽ പരിഭ്രാന്തരാകുകയും ചെയ്യും.

ദൈവത്തിൽ വിശ്വാസമില്ലാത്തവർ അവനിൽനിന്ന് ഒന്നും പ്രതീക്ഷിക്കുകയോ അവനെ ഒന്നിനും പഴിക്കുകയോ ചെയ്യുന്നില്ല. നേരെ മറിച്ച് സാധാരണ ദാസന്മാർ, പലപ്പോഴും വിചാരിക്കുന്നത് ദൈവം അവരുടെ വ്യാമോഹങ്ങളെ നിറവേറ്റുമെന്നാണ്. അത്തരം വ്യക്തികൾക്ക് അവരെ പൂർണ്ണമായി സമർപ്പിക്കുവാൻ വിശ്വാസമോ പ്രശ്നങ്ങൾ ദൈവത്തിൽ ഏല്പ്പിക്കുന്നതിനുള്ള മനസോ ഇല്ലാത്തവരാണ്.

വ്യഥാവായോ ആത്മാർത്ഥതയില്ലാതെയോ ദൈവത്തെ സമീപിക്കുന്നതിനെതിരെ ശലോമോൻ മുന്നറിയിച്ചിട്ടു് (5:2). ഫലത്തിൽ അവൻ, പറഞ്ഞു, “നിങ്ങൾ ദൈവത്തോട് പറയുന്നത് ശ്രദ്ധിക്കുക. അവൻ സ്വർഗസ്ഥനും, നാം ഭൗമികസൃഷ്ടികളുമാണെന്ന്, ഓർമ്മിക്കുക.” ദൈവസന്നിധിയിൽ അമിതമായി സംസാരിക്കുന്നവൻ അധരം കൊ് പാപം ചെയ്യുവൻ സാധ്യതയു്. ഒരു മൂഢൻ ദൈവസന്നിധിയിൽ വരുമ്പോൾ വാക്പെരുപ്പമുാകും (5:3).

നാം ദൈവത്തോട് എന്തെങ്കിലും വാഗ്ദാനം ചെയ്താൽ അതു നിറവേറ്റണം (5:4-7). നേർച്ച നേർന്നിട്ട് കഴിക്കാതിരിക്കുന്നതിനേക്കാൾ നേരാതിരിക്കുന്നത് നല്ലത്. ചെയ്യുവാനുദ്ദേശിക്കാത്തതോ ചെയ്യുവാൻ കഴിയാത്തതോ ആയ നേർച്ച നാം ദൈവത്തിന് നേരരുത്. നമ്മുടെ ശരീരങ്ങൾക്ക് ചെയ്യുവാനാകാത്തത് വായ് വാഗ്ദാനം ചെയ്യുമ്പോൾ, നാം പാപം ചെയ്യുകയാണ്. അങ്ങനെ സംഭവിച്ച ശേഷം, “എനിക്ക് തെറ്റു പറ്റി” എന്നു പറയുന്നതുകൊ് ഒരു പ്രയോജനവുമില്ല. ദൈവത്തിന്റേയും അവന്റെ സന്ദേശവാഹകരുടേയും മുമ്പിൽ നാം സംസാരിക്കുന്നത് ശ്രദ്ധയോടും ആത്മാർത്ഥതയോടും കൂടെയായിരിക്കണം എന്നാണ് ശലോമോൻ പറഞ്ഞത്. വാക്യം 6 ൽ പറഞ്ഞിരിക്കുന്ന ദൈവത്തിന്റെ “ദൂതൻ” പുരോഹിതനെയോ അല്ലെങ്കിൽ പ്രതിജ്ഞക്ക് സാക്ഷിയായിരിക്കുന്ന വ്യക്തിയോ യാഗം നടത്തുന്ന ആളോ, ദൈവത്തെ പ്രതിനിധാനം ചെയ്യുന്നവൻ ആകാം.

നമ്മുടെ ദൈവത്തോടുള്ള ബന്ധം ഗൗരവമായിരിക്കണം. നാം വലിയ സ്വപ്നങ്ങൾ കാണുകയും ദൈവവേലയെ കുറിച്ച് വലിയ പ്രശംസ നടത്തുകയും ചെയ്യുന്നത് വ്യർത്ഥമാണ് (5:7). ജീവിതം ഗൗരവമുള്ളതാണ്, അതു നൽകിയ ദൈവത്തെ നാം ഭയത്തോടും വിറയലോടുംകൂടെ വേണം സമീപിക്കുവാൻ.

അതേ വൈകാരികത തന്നെയാണ് 1 ശമുവേൽ 15:22-ൽ പ്രകടിപ്പിച്ചിരിക്കുന്നത്. അമാല്യേക്ക്യരെ മുഴുവൻ നശിപ്പിക്കുവാനുള്ള ദൈവകല്പന പൂർണ്ണമായി അനുസരിക്കുവാൻ ശൗലിന് കഴിഞ്ഞില്ല. എല്ലാം നശിപ്പിക്കുവാനായിരുന്നു ദൈവം കല്പിച്ചത്, എന്നാൽ യാഗം കഴിക്കേിന് നല്ല ആടുമാടുകളെ അവൻ ശേഷിപ്പിച്ചു. രാജാവായിരുന്ന ആഗാഗിനേയും അവൻ ശേഷിപ്പിച്ചു. ദൈവത്തിനുായ അസന്തുഷ്ടി അവനെ അറിയിക്കുവാൻ, പ്രവാചകനായിരുന്ന ശമുവേലിനെ ശൗലിന്റെ അടുക്കൽ അയച്ചു. ആദ്യം, അവൻ പറഞ്ഞത്, ദൈവം പറഞ്ഞതെല്ലാം താൻ ചെയ്തു എന്നാണ്. എന്നാൽ, അവൻ ആഗാഗിനേയും, കുറെ ആടുകളേയും കാളകളേയും യഹോവക്ക് യാഗം കഴിക്കുവാൻ ശേഷിപ്പിച്ചു. അത് ശരിയായിരിക്കും, അല്ലേ? ദൈവം യാഗം ഇഷ്ടപ്പെടും, അല്ലേ? ശമുവേൽ പറഞ്ഞു, “യഹോവയുടെ കല്പന അനുസരിക്കുന്നതുപോലെ, ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവക്ക് പ്രസാദകരമാകുമോ? ഇതാ, അനുസരിക്കുന്നത് യാഗത്തേക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസിലേക്കാളും നല്ലത്.” അനുസരിക്കാത്ത യാഗം

ദൈവത്തിന് ഒന്നുമല്ല. വ്യർത്ഥമായ സേവനം മനുഷ്യർക്കോ ദൈവത്തിനോ തൃപ്തികരമായിരിക്കയില്ല.

### ധനം നമ്മെ തൃപ്തിപ്പെടുത്തുകയില്ല (5:8-6:6)

സമ്പത്തും മനുഷ്യരെ തൃപ്തിപ്പെടുത്തുകയില്ല എന്നാണ് ശലോമോൻ കത്തിയത്. നേടണമെന്നുള്ള ധനവാന്റെ ശ്രമത്തിനിടയിൽ അവൻ ദരിദ്രനെ ഞെരുക്കും (5:8, 9). ഈ സന്ദർഭത്തിൽ, ഞെരുക്കം അനുഭവപ്പെട്ടവർക്ക് അധികാരികളുടെ മുമ്പിൽ ന്യായമായ വിചാരണ കിട്ടുക പ്രയാസമാണ് എന്നത്രെ ശലോമോൻ പറയുന്നത്. മനുഷ്യർക്ക് നീതി കിട്ടാതെ അന്യായം അനുഭവപ്പെടുന്നതിൽ അതിശയിക്കുവാനില്ല. അവൻ പറഞ്ഞു, "ഒരു സംസ്ഥാനത്ത് ദരിദ്രനെ പീഡിപ്പിക്കുന്നതും നീതിയും ന്യായവും എടുത്തുകളയുന്നതും കാൽ നീ വിസ്മയിച്ചുപോകരുത്. ഉന്നതന്നുമീതെ ഒരു ഉന്നതനും, അവർക്കുമീതെ അത്യുന്നതനും ജാഗരിക്കുന്നു" (5:8). ഓരോ ഗവൺമെന്റ് അധികാരിക്കും മറ്റൊരു അധികാരിയോട് ഉത്തരവാദിത്തമു്. എന്നാൽ ലഭിച്ച പരാതി എവിടെയെങ്കിലും നഷ്ടപ്പെട്ടാൽ ഉത്തരവാദിത്വം ആരും ഏറ്റെടുക്കുകയില്ല.

ഉദ്യോഗസ്ഥമേധവിത്വം സാധാരണ മനുഷ്യനെ മുതലെടുത്തുകൊിരിക്കുന്നതിൽ ശലോമോൻ വിഷമത്തിലായിരുന്നു. രാജാവ് മുതൽ താഴെ കിടയിലുള്ളവർ വരെ ദേശത്തിന്റെ സ്വത്താണെന്ന് അവൻ കരുതിയിരുന്നു. ഭൂമിയിൽ ജോലി ചെയ്യുന്നത് സാധാരണ മനുഷ്യരാകയാൽ, അവരെ ഞെരുക്കരുത്. രാജ്യത്തിന് ഉപജീവനത്തിന് വേ ഉൽപ്പന്നങ്ങൾ അവരാണ് ഉാക്കുന്നത്. പീഡിതരെ തിരിച്ചറിഞ്ഞ് വിചാരണ ചെയ്യുന്ന അപൂർവ്വ രാജാവാണ് അത്. ജീവിതത്തിലെ മറ്റൊരു നിഷ്പ്രയോജന വിഷമസന്ധിയാണിത്. സാധാരണ മനുഷ്യന്റെ നീതി നിഷേധിക്കുന്ന ഒരു ഗവൺമെന്റ് തന്നെത്താൻ നശിച്ചുപോകും. അത് ചെയ്യുന്നതു വ്യക്തിപരമായ നേട്ടത്തിനു വേിയാണെങ്കിൽ, അതു ക്രമേണ സ്വയം-നശിച്ചുപോകും.

ദ്രവ്യാഗ്രഹം ഒരിക്കലും തൃപ്തിപ്പെടുത്തുകയില്ല (5:10-12). ധനം പെരുകുന്നതോടുകൂടെ, അതു ചെലവഴിക്കേ മാർഗവും വർദ്ധിക്കും. പണമുള്ളവർക്ക്, അത് തങ്ങളുടെ കൈകളിൽകൂടെ വന്നുപോകുന്നത് കാണാമെന്നല്ലാതെ, അതുകൊ് എന്തു ഗുണമാണുള്ളത്? സമ്പൽസമൃദ്ധി അവസാന അപഗ്രഥനത്തിൽ ഒന്നുമല്ല. ധനവാനോ അതോ സാധാരണക്കാരനോ - ആരാണ് രാത്രിയിൽ സുഖമായി ഉറങ്ങുന്നത്? ഒരു സാധാരണ ജോലിക്കാരൻ, ഭക്ഷണം കുറച്ചു കഴിച്ചാലും കൂടുതൽ കഴിച്ചാലും അവന് രാത്രിയിൽ സുഖമായ നിദ്ര ലഭിക്കും. ധനികന് അവന്റെ ധനത്തെ കുറിച്ചുള്ള വിചാരം നിമിത്തം ശരിക്ക് ഉറങ്ങുവാൻ കഴിയുകയില്ല.

ധനവാൻ ശേഖരിക്കുന്ന ധനം പിരിക്കുന്ന ചില സംഭവങ്ങളാൽ അത് എടുത്തുകളയുന്ന തിന്മ അർത്ഥശൂന്യമാണ് (5:13-17). മോശമായ നിക്ഷേപങ്ങൾ നടത്തി ധനം നഷ്ടമായേക്കാം, മോഷണം പോയേക്കാം, അല്ലെങ്കിൽ അനാരോഗ്യകരമായി ഉപയോഗിക്കയും ചെയ്തേക്കാം. എങ്ങനെയായാലും, തലമുറകൾ മാറി മാറി വരുന്നതിലും ഒന്നുമില്ല. അത് അതിൽ തന്നെ മോശമല്ല, കാരണം മറ്റുള്ളവർക്ക് ചെലവഴിക്കുന്നതിന് വിട്ടുകൊടുപ്പാൻ തോട്ടം കൈവശമാക്കുന്നതും അർത്ഥശൂന്യമാണെന്ന് നാം കുകഴിഞ്ഞതാണ്. സ്വത്ത് സമ്പാദിച്ച് വിവേകശൂന്യതയാൽ നഷ്ടമാകുന്നത് അർത്ഥശൂന്യമാണെന്ന് ശലോമോൻ ചിത്രീകരിക്കയുായി. അവസാനം മനുഷ്യൻ ജനിച്ചപ്പോൾ ആയി

രുന്നതുപോലെ ആകുന്നു - ഒന്നുമില്ലാതെ.

ആ നിരീക്ഷണങ്ങൾ ശലോമോനെ തന്റെ മുമ്പിലത്തെ തീർപ്പിലേക്ക് തിരിച്ചുകൊുപോയി. ഒരു മനുഷ്യൻ തന്റെ അദ്ധ്വാനഫലം ദൈവം നൽകിയതിനെ ആസ്വദിക്കുന്നതാണ് നല്ലത് (5:18-20). സമ്പത്തുള്ളവർ അത് ദൈവത്തിന്റെ ദാനമായി സ്വീകരിക്കണം. പിന്നെ അത് അവരുടെ കയ്യിലുള്ളപ്പോൾ അത് ശരിയായി ഉപയോഗിക്കുന്നതിനുള്ള കഴിവിന് ദൈവത്തോട് പ്രാർത്ഥിക്കണം. അതും ദൈവത്തിന്റെ ദാനമാണ്. ഒരാൾ ഇങ്ങനെ ചെയ്യുകയാണെങ്കിൽ, അയാൾ ജീവിതത്തിന്റെ പുറകിലേക്ക് നോക്കി ദുഃഖിക്കുകയില്ല. അങ്ങനെ ജീവിച്ചാൽ ദൈവം അവന് ഹൃദയംഗമമായ സന്തോഷം നൽകും.

ധനത്തെ സംബന്ധിച്ച് മറ്റൊരു പ്രശ്നം എന്തെന്നാൽ, ചിലർക്ക് ദൈവം ധനം നൽകും പക്ഷെ അത് ആസ്വദിക്കുന്നതിന് ആരോഗ്യം നൽകുകയില്ല (6:1-6). അത് അർത്ഥശൂന്യമാണ്, കാരണം അവർ മരിക്കയും സ്വത്ത് അനുഭവിപ്പാൻ മറ്റുള്ളവർക്കായി വിട്ടുപോകയും ചെയ്യുന്നു. ഒരു മനുഷ്യൻ നൂറു മക്കളുായി, വൃദ്ധനാകുവോളം ജീവിച്ചാലും അവന്റെ അദ്ധ്വാനഫലം എല്ലാം ആസ്വദിക്കുവാൻ അവനു കഴിയുകയില്ല. അതുകൊ് മരിക്കുന്നതാണ് നല്ലതെന്ന് ശലോമോന് തോന്നി (6:3). അവൻ ജനിച്ചപ്പോൾ തന്നെ മരിച്ചാലും, അവൻ പകൽവെളിച്ചം കാണാതിരിക്കുന്നു; അവന് തന്റെ പേർ പോലും അറിയുകയില്ല. അതും നന്നായി തോന്നുകയില്ല, ശലോമോനെ സംബന്ധിച്ച്, പ്രായമായി സന്തോഷരഹിതനായി തീരുന്നതിനേക്കാൾ, അതിനു മുമ്പ് മരിക്കുന്നതാണ് നല്ലത്. ഒരു മനുഷ്യൻ രായിരം വർഷം ജീവിച്ചാലും, ഒരിക്കലും സന്തോഷവും തൃപ്തിയും ഇല്ലാതിരുന്നാൽ, ആ ജീവിതത്തിന് എന്താണ് അർത്ഥം?

## ആഗ്രഹങ്ങളുടെ നിവർത്തീകരണം അന്വേഷിച്ചാലും തൃപ്തി ലഭിക്കയില്ല (6:7-12)

ആഗ്രഹം മതി വരാത്തതാണ് (6:7-9). ബുദ്ധിമാനും ബുദ്ധിഹീനനും തങ്ങളുടെ ജീവിതം ആഹാരത്തിനായി ചെലവിടുന്നു. ഒരിക്കലും മതിയായെന്നു തോന്നുന്നുമില്ല. ഭോഷനായ ധനികനേക്കാൾ ബുദ്ധിമാനായ ദരിദ്രന്റെ അവസാനം നല്ലത്. അവൻ തന്റെ ആർത്തി നിയന്ത്രിക്കുവാൻ ശീലിച്ചിട്ടു്. അവൻ തന്റെ ഏല്ലാ ആഗ്രഹങ്ങളും നിറവേറ്റാൻ ശ്രമിക്കയില്ല. അധികം ആഗ്രഹിക്കുന്നതിനേക്കാൾ നമുക്കുള്ളതിനെ അനുമോദിച്ച് ഉപയോഗിക്കുന്നതാണ് നല്ലത്.

“എന്തായിരിക്കും, ആയിരിക്കും” എന്നതാണ് ഒഴിച്ചുകൂടാനാവാത്ത തീർപ്പ് (6:10-12). എല്ലാ സംഭവങ്ങളും ദൈവകരങ്ങളിലാണ്. നാം വെറും മനുഷ്യരാണെന്ന് തിരിച്ചറിഞ്ഞ്, ദൈവത്തോട് വാദിക്കാതെയും അവനെ സംശയിക്കാതെയും ഇരിക്കണം. ദൈവത്തെ കൂടാതെയുള്ള, നമ്മുടെ എല്ലാ പരിശ്രമങ്ങളും വെറുതെയാണ് - അതിന് ഒരർത്ഥവുമില്ല. പിന്നെ, എന്ത്, ദൈവത്തോട് തർക്കിച്ചാൽ എന്തു പ്രയോജനം? കടന്നുപോകുന്ന, വെറും നിഴൽ പോലെയുള്ള നമ്മുടെ ജീവിതത്തിൽ, നമുക്ക് നല്ലത് തീരുമാനിക്കുവാൻ എങ്ങനെ കഴിയും?

## ഉപസംഹാരം

ഒരു മനുഷ്യന്റെ ഭാവി ഇന്നതായിരിക്കുമെന്ന് തീർത്തു പറയുവാൻ ആർക്ക് കഴിയും? നമുക്ക് നല്ലതെന്തെന്ന് അറിയുവാൻ, ദൈവത്തിലേക്ക് തിരിഞ്ഞ് അവനിൽ ആശ്രയിക്കുവാൻ കഴിയുന്നില്ലെങ്കിൽ, ജീവിതത്തിന്റെ

അർത്ഥം കത്തെുന്ന ഒരു പ്രത്യാശയും ലഭിക്കുകയില്ല.

ദൈവത്തെ അവഗണിക്കുക എന്നാൽ, നമ്മുടെ ഏകപ്രത്യാശ നീക്കിക്കളയുക എന്നതാണ്. യിരെമ്യാവ് പറഞ്ഞു, “യഹോവേ, മനുഷ്യന്ന് തന്റെ വഴിയും നടക്കുന്നവന്ന് തന്റെ കാലടികളെ നേരെയാക്കുന്നതും സ്വാധീനമല്ല എന്നു ഞാൻ അറിയുന്നു” (യിരെമ്യാവ് 10:23). നമ്മുടെ അന്തരംഗത്തെ തൃപ്തിപ്പെടുത്തുന്നതല്ല ഭൗമികമായ യാതൊരു പരിശ്രമവും; നമ്മുടെ ഏറ്റവും നല്ലത് ദൈവത്തിന് നൽകുക മാത്രമാണ് തൃപ്തിക്കുള്ള ഏകമാർഗ്ഗം.